2 (*118) വ്യവസായ വികസനത്തിന് നടപടി

ശ്രീ. എം. ദാസൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. എം.എ. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) നിക്ഷേപകരെ ആകർഷിക്കാൻ സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഇതിന്റെ ഫലങ്ങൾ വ്യക്തമാക്കുമോ;

(സി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി പഞ്ചായത്തുതല സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ഏതെങ്കിലും വിദേശ മലയാളികൾ ഈ രംഗത്ത് മുതൽമുടക്കാൻ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ) സർക്കാർ പ്രഖ്യാപിച്ച വ്യവസായ നയം അനുസരിച്ച് പുതിയ വ്യവസായങ്ങൾക്ക് ധാരാളം ഇളവുകളും സാമ്പത്തിക ആനുകൂല്യങ്ങളും നൽകിവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള വ്യവസായ പാർക്കുകളും ഗ്രോത്ത് സെന്ററുകളും മറ്റും സ്ഥാപിച്ചുവരുന്നു. ചെറുകിട പരമ്പരാഗത വ്യവസായങ്ങളുടെ ഉല്പന്നങ്ങളുടെ വിപണന രംഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റി വിശദമായ പഠനം നടത്തി വൈറ്റ് പേപ്പർ തയ്യാറാക്കി, അവയുടെ പുനരുദ്ധാരണത്തിന് പ്രത്യേക സംവിധാനം ഉണ്ടാക്കി.

(ബി) നിക്ഷേപകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് ഏകജാലക സംവിധാനം നടപ്പാക്കാൻ കരട് നിയമം സഭയിൽ അവതരിപ്പിച്ചു കഴിഞ്ഞു. കിൻഫ്ര, കെ.എസ്.ഐ.ഡി.സി., സിഡ്കോ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ വലുതും ചെറുതുമായ വ്യവസായ മേഖലകൾ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിഭവശേഷിയും വ്യവസായ രംഗത്തെ സാദ്ധ്യതകളും നിക്ഷേപകരെ ബോദ്ധ്യപ്പെടുത്താനും തൊഴിൽ ബന്ധത്തെപ്പറ്റിയുള്ള തെറ്റിദ്ധാരണകൾ തിരുത്താനും സർക്കാർ നിരന്തരമായ ശ്രമം നടത്തിവരുന്നു. സാമ്പത്തിക സ്ഥാപനങ്ങളായ കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി. എന്നിവയുടെ ഓഹരി മൂലധനത്തിൽ സർക്കാർ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി കേരളത്തിൽ നിക്ഷേപിക്കാനുള്ള താത്പര്യം വർദ്ധിച്ചുവരുന്നതായി കാണുന്നു. ടെക്നോപാർക്കിൽ ഇപ്പോൾ 47 കമ്പനികൾ പ്രവർത്തിക്കുന്നു. കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ 1264 കോടി രൂപ മുതൽമുടക്കുള്ള 145 പദ്ധതികൾ പൂർത്തിയാക്കുകയും 11359 ആളുകൾക്ക് തൊഴിലവസരം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ വ്യവസായ വികസന പ്രദേശങ്ങൾ, വ്യവസായ വികസന കേന്ദ്രങ്ങൾ ഇവ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. ജില്ലാ മിനി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പുതിയ മിനി വ്യവസായ എസ്റ്റേറ്റുകൾ ആരംഭിച്ചു വരുന്നു. ഗ്രാമതല വ്യവസായ സമൂഹങ്ങൾ കണ്ടെത്തി പൊതു സൗകര്യ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടികളെടുത്തു. ഇത് സംബന്ധിച്ച മാതൃകാ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി. ഇത് ബോധവൽക്കരിക്കാൻ ജനപ്രതിനിധികൾ, നിർമ്മാണ ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരെ ഉൾപ്പെടുത്തി പരിശീലനം നൽകിവരുന്നു. ഉൽപ്പന്നാധിഷ്ഠിത പാർക്കുകൾ എന്ന പേരിൽ വ്യവസായ പാർക്കുകൾ സ്ഥാപിച്ച് പ്രത്യേകതരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി വിഹിതം ഉപയോഗിച്ച് വ്യവസായ പശ്ചാത്തലസൗകര്യങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ബോധവൽക്കരണം നൽകിവരുന്നു. വ്യവസായ വകുപ്പിനുപുറമേ കിൻഫ്ര, സിഡ്കോ, കെ.എസ്.ഐ.ഡി.സി. എന്നീ സ്ഥാപനങ്ങൾ വഴി വ്യവസായങ്ങൾ നടത്തിവരുന്നു. പുത്തൻ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത് വ്യവസായ സംരംഭകർക്ക് നൽകാൻ യൂണിവേഴ്സിറ്റികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് പ്രത്യേക പ്രോജക്ടുകൾ ആരംഭിച്ചു. ചെറുകിട വ്യവസായങ്ങൾക്ക് വേണ്ടിയും, കരകൗശല വ്യവസായങ്ങൾക്ക് വേണ്ടിയും പൊതുസേവന സൗകര്യ കേന്ദ്രങ്ങൾ ആരംഭിച്ച് ഉല്പാദനച്ചെലവ് കുറയ്ക്കാനും ലാഭം കൂട്ടാനും സഹായിച്ചു.

(ഡി) ഇറ്റലി ആസ്ഥാനമാക്കിയിട്ടുള്ള ശ്രീ. വിവേക് ജേക്കബും (കരാറെ മുതലായ) യു.എ.ഇ. ആസ്ഥാനമാക്കിയിട്ടുള്ള ശ്രീ. യൂസഫ് അലിയും (എം.കെ.ഗ്രൂപ്പ്) കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് വന്നിട്ടുണ്ട്. ടെക്നോപാർക്കിൽ ഇതുവരെയായി 8 വിദേശ മലയാളികളുടെ കമ്പനികൾ വന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വിദേശ മലയാളികളുമായി ചർച്ചകൾ നടന്നുവരുന്നു.

<u>ശ്രീ. എം. ദാസൻ</u> : സർ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനത്തെപ്പറ്റി വിശദമായ പഠനം നടത്തിക്കൊണ്ട് സർക്കാർ ഒരു ധവളപത്രം പുറത്തിറക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിസന്ധി നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ്, കേരളാ സോപ്സ് ആന്റ് ഓയിൽസ് എന്നീ സ്ഥാപനങ്ങൾ വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന കാര്യം വിശദമാക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു കോർപ്പസ് ഫണ്ട് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നിയമം ഈ അസംബ്ലിയിൽ അവതരിപ്പിച്ച് പാസ്സാക്കി. അതിനാവശ്യമായ ഒരു ഇക്വിറ്റി എന്നുള്ള നിലയിൽ കഴിഞ്ഞ കൊല്ലവും ഇക്കൊല്ലവുമായി 60 കോടി രൂപ നീക്കിവയ്ക്കുകയും 180 കോടി രൂപയുടെ ബോണ്ട് ഇഷ്യൂ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. 2000 ജനുവരി 1-ാം തീയതി മുതൽ ബോണ്ട് ഇഷ്യൂ ചെയ്തു തുടങ്ങുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ടെക്സ്റ്റയിൽ മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

സമഗ്രമായി പഠനം നടത്തി ഓരോ മില്ലിനും കൊടുക്കേണ്ട തുക, അതിനാവശ്യമായിട്ടുള്ള പദ്ധതികൾ ഇവയ്ക്ക് രൂപം കൊടുത്ത് 100 കോടി രൂപയുടെ ഒരു പദ്ധതി അതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഓരോ പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ചും പഠനം നടത്തി പുനരുദ്ധാരണ നടപടികൾ എങ്ങനെ ചെയ്യണമെന്നുള്ളതിന്റെ വിശദാംശങ്ങൾ തയ്യാറാക്കി മിക്കവാറും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. പണം ലഭ്യമായാൽ ഉടനെതന്നെ ഇതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. സ്റ്റീൽ കോംപ്ലക്സിന്റെയും, കേരളാ സോപ്സിന്റെയും കാര്യത്തിലും ഇതുപോലുള്ള എക്സർസൈസ് നടന്നുകൊണ്ടിരിക്കുകയാണ്. ഈ രണ്ടു സ്ഥാപനത്തിനും ആവശ്യമായ പണം കൊടുക്കും. ഇക്കൊല്ലം തന്നെ കേരളാ സോപ്സിന് ആവശ്യമായ കുറച്ചു പണം കൊടുത്തിരുന്നു. അത് മുഴുവൻ അവരുടെ കൈയിൽ കിട്ടിക്കഴിഞ്ഞിട്ടില്ല. മറ്റു വിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് അത് കിട്ടിക്കഴിഞ്ഞാൽ കുറച്ച് ആശ്വാസമുണ്ടാകും. ബാക്കി സമഗ്രമായ പദ്ധതികൾ ഈ രണ്ടിനും വേണ്ടി ഉണ്ടാക്കി അതിനാവശ്യമായ നടപടികൾ ഫണ്ട് വന്നാൽ ഉടനെ നടത്തുന്നതാണു്.

ശ്രീ. എം. ദാസൻ : സർ, നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനുവേണ്ടി വിദേശ മലയാളികളിൽനിന്ന് പുതിയ സംരംഭകരെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് മന്ത്രിയുടെ ഉത്തരത്തിൽനിന്ന് വ്യക്തമായിട്ടുണ്ട്. സർ, ഈ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങളുടെ ഫലമായി പുതിയ സംരംഭകരെ വിദേശ മലയാളികളിൽനിന്ന് കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ? പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ആവശ്യമായ നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ടോ എന്നതിനെക്കുറിച്ച് സർക്കാർ വ്യക്തമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, ഈ കഴിഞ്ഞ വിദേശ ട്രിപ്പിനിടയിൽ നിരവധി മലയാളികളുമായും, മലയാളി ഗ്രൂപ്പുകളുമായും ചർച്ചകൾ നടത്തി, അവർ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് ചില എം.ഒ.യു.കൾ ഒപ്പുവച്ചിട്ടുണ്ട്. മൂന്നോളം ആളുകൾ ഇപ്പോൾ വന്ന് സ്ഥലം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ ആളുകൾ വരുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്, അതുമാത്രമല്ല ഗൾഫിൽ തന്നെയുള്ള പ്രധാനപ്പെട്ട ഗ്രൂപ്പുകളുമായിട്ടും, ലോക്കൽ പീപ്പിൾസുമായിട്ടും സംസാരിച്ചു. അവരും ഇവിടെ വരുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഓരോന്നിനുമായി കെ.എസ്.ഐ.ഡി.സി. പ്രോജക്ടുകൾ തയ്യാറാക്കി അവർക്ക് അയച്ചുകൊണ്ടിരിക്കുകയാണ്. അതെല്ലാം ഫലപ്രാപ്തിയിൽ എത്തും എന്നുതന്നെയാണ് വിശ്വസിക്കുന്നത്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി വ്യവസായം. ആ കൈത്തറി വ്യവസായം ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഇൻഡ്യയിൽ കേരളത്തിലാണ് ഈ മേഖലയിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഉള്ളത്. അത്തരം സഹകരണസംഘങ്ങൾ വിദേശങ്ങളിലേയ്ക്ക് ചരക്കുകൾ കയറ്റി അയച്ച് നല്ല രീതിയിൽ പ്രവർത്തിച്ചു വരികയായിരുന്നു. എന്നാൽ പുതിയ സാമ്പത്തിക നയത്തെതുടർന്ന് വിദേശ മാർക്കറ്റിൽ തീരെ ഡിമാന്റ് കുറഞ്ഞിരിക്കുകയാണ്. അങ്ങനെ ഈ വ്യവസായം ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് സഹകാര്യമേഖലയിലും സഹകരണമേഖലയിലും ഏതെങ്കിലും രീതിയിലുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : സർ, കൈത്തറി മേഖലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വളരെ വിശദമായ പരിപാടികൾ തയ്യാറാക്കുന്നുണ്ട്. പ്രത്യേകിച്ചും വിപണനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. ഉൽപ്പന്നങ്ങൾ വളരെ ആകർഷകമാക്കുന്നതിന് കമ്പ്യൂട്ടർ ഡിസൈനിംഗ് പ്രത്യേകിച്ച് ജക്കാർ ലൂം, ആയാസരഹിതമായി വീവിംഗ് നടത്തുന്നതിന് ആവശ്യമായവിധത്തിൽ ഒരു സ്വിസ് ടെക്നോളജി നമ്മൾ ഉൾക്കൊള്ളുകയും അതിന്റെ ഡെവലപ്മെന്റ് നടന്നുകൊണ്ടിരിക്കുകയുമാണ്. ഒരു മാസം കഴിഞ്ഞാൽ അതിന്റെ മോൾഡ് കിട്ടുകയും അത് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുകയും ചെയ്യാം. വിറ്റഴിക്കാൻ കഴിയാത്ത സാധനങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇനിയും കൂടുതൽ വിപണനമേഖലകൾ കണ്ടെത്തുന്നതിനും വിദേശമടക്കമുള്ള സ്ഥലങ്ങളിലേയ്ക്ക് ഉൽപ്പന്നങ്ങൾ അയയ്ക്കുന്നതിനുമൊക്കെയുള്ള വിശദാംശങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഒരു മണ്ഡലത്തിൽ ഒരു വ്യവസായപാർക്ക് എന്ന നിലയിൽ കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്ക് ഉതകുന്ന വളരെ ആകർഷകമായ പരിപാടികൾ ഗവൺമെന്റ് ആസൂത്രണം ചെയ്തിരുന്നല്ലോ, തളിപ്പറമ്പ് മണ്ഡലത്തിൽ അഞ്ചേക്കർ സ്ഥലം ഒരു വർഷത്തിന് മുൻപ് നൽകിയിട്ടുള്ളതാണ്. തളിപ്പറമ്പ് ഉൾപ്പെടെയുള്ള മണ്ഡലങ്ങളിൽ ഈ വ്യവസായ പാർക്കിന്റെ പ്രവർത്തനം ഏത് നിലയിലാണ് ഉള്ളത്; വളരെവേഗംതന്നെ പണി ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : മുപ്പത്തിയേഴു സ്ഥലങ്ങൾ ഇപ്പോൾ കിട്ടിയിട്ടുണ്ട്. രണ്ടെണ്ണത്തിന്റെ ഡെവലപ്മെന്റ് നടന്നുകൊണ്ടിരിക്കുകയാണ്. മറ്റ് മുപ്പത്തിയഞ്ചെണ്ണത്തിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ഫണ്ട് ഇല്ലാതെ വന്നു. നമ്മുടെ കോർപ്പസ് ഫണ്ട് വന്നുകഴിഞ്ഞാൽ സിഡ്കോയ്ക്കാവശ്യമായ ഫണ്ട് കൊടുത്ത് അതിവേഗത്തിൽ തന്നെ അതിന്റെ വികസനം നടത്തുന്നതിനാവശ്യമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, വ്യവസായ വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് അതിന്റെ റിസർച്ച് ആന്റ് ഡെവലപ്മെന്റ് വിംഗ് കേരളത്തിന്റെ ഇന്നുള്ള പരിതസ്ഥിതിയിൽ ആവശ്യമായ വിധത്തിൽ പുതിയ വ്യവസായങ്ങൾ വരുന്നതിനും നിലവിലുള്ളവ സംരക്ഷിക്കുന്നതിനും അതിന്റെ മാർക്കറ്റ്, പുതിയ സാങ്കേതികവിദ്യ ഇതെല്ലാം കണ്ടെത്തുന്നതിന് ആവശ്യമായ റിസർച്ച് ഡെവലപ്മെന്റിനെ സംബന്ധിച്ച് സംസ്ഥാനതലത്തിൽ ഗവൺമെന്റ് എന്തു പദ്ധതിയാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, കയർ, കൈത്തറി മേഖലകൾക്കുവേണ്ടി പ്രത്യേകമായിട്ടുള്ള റിസർച്ച് വിംഗുകൾ ശക്തിപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി എടുത്തിട്ടുണ്ട്. അതുപോലെതന്നെ ടൈൽസ് മേഖലയിലുൾപ്പെടെ പ്രധാനമായ പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്, അതിനെ സംബന്ധിച്ച് വിശദമായിട്ട് ഇവിടെ പറഞ്ഞതാണ്. അതിന് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. ഇങ്ങനെ ഓരോ സെക്ടറിലും പ്രത്യേകമായിട്ട് റിസർച്ചിന് ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. ഈ അടുത്ത ദിവസം ടെക്നോളജി ലഭിക്കുന്നതിനുവേണ്ടി ആവശ്യമായിട്ടുള്ള ഏഷ്യൻ പെസഫിക് ടെക്നോളജി ട്രാൻസ്ഫറിനുവേണ്ടിയുള്ള ഒരു സ്ഥാപനവുമായി

നമ്മൾ ഒരു എം.ഒ.യു.ഒപ്പിട്ടിട്ടുണ്ട്. അതിവേഗം തന്നെ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കും. കൂടുതൽ ആകർഷകമായ രീതിയിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഈ രംഗത്തെ ശക്തിപ്പെടുത്തിയാൽ കൂടുതൽ വികസനം ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്. അതിനുള്ള നടപടികൾ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, അങ്ങയുടെ മറുപടിയിൽ റിസർച്ച് ആന്റ് ഡെവലപ്മെന്റ് വിംഗിനെ ശക്തിപ്പെടുത്തുന്നതിനെ സംബന്ധിച്ച് പറഞ്ഞു, ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് തന്നെ നമ്മുടെ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ മുൻകൈയോടുകൂടി കൊണ്ടുവരുന്നതിനുള്ള ഒരു ശ്രമം നടത്തിയാൽ, പ്രത്യേകിച്ച് നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനും നിലനിർത്താനും അതിന്റെ മാർക്കറ്റ് കണ്ടെത്താനും സഹായകരമായിരിക്കും. ആ നിലയ്ക്ക് സംസ്ഥാന തലത്തിൽ അത്തരത്തിലൊരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : പരിഗണിക്കുന്നതാണ്.

ശ്രീ. എം.എ. തോമസ് : സർ, കേരളത്തിന്റെ വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിന് ഏകജാലക സംവിധാനം നടപ്പിലാക്കാൻ പോകുകയാണ്. ഇതിന്റെ വെളിച്ചത്തിൽ പ്രോസ്പെക്ടീവ് ആയിട്ടുള്ള എന്റർപ്രനേഴ്സിനെ പുറത്തുനിന്ന് ആകർഷിക്കുന്നതിനുവേണ്ടി എന്തു നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത്.

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾത്തന്നെ വിദേശ മലയാളികളെ ആകർഷിക്കുന്നതിനുവേണ്ടി ഒരു ഡെലിഗേഷൻ പോകുകയും അവരുമായിട്ട് സംസാരിക്കുകയും ചെയ്തു. അതിന്റെ ഫലമായി വിദേശ മലയാളികൾ ഇങ്ങോട്ട് വരുന്നുണ്ട്. മറ്റു സ്ഥലങ്ങളിലും ഇതുപോലുള്ള പ്രവർത്തകരുമായി ബന്ധപ്പെടുന്നതിന് ഉദ്യോഗസ്ഥൻമാരെ അയയ്ക്കുകയോ, അല്ലെങ്കിൽ നേരിട്ടു പോയോ എൻ.ആർ.ഐ.ക്കാരെ ഇങ്ങോട്ട് ക്ഷണിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. എം.എ. തോമസ് : സർ, കേരളത്തിലെ തന്നെ ചില എൻ.ആർ.ഐ.കൾ കേരളത്തിന് പുറത്ത് വ്യവസായയൂണിറ്റുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. അവർ ഇവിടെ മുതൽമുടക്കാതെ മറ്റു സംസ്ഥാനങ്ങളിൽപോയി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനം ഗവൺമെന്റ് നടത്തുന്നുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : ഞാൻ അടുത്ത ദിവസം വിദേശ രാജ്യങ്ങളിൽ പോയപ്പോൾ അനുഭവപ്പെട്ട ഒരു പ്രധാനകാര്യം എല്ലാപേരും കേരളത്തിൽ മുതൽമുടക്കാനാണ് ആഗ്രഹിക്കുന്നത്. പക്ഷെ എന്തോ ഒരു തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് നമ്മുടെ പത്രങ്ങളും അതിൽ ഒരു പങ്ക് വഹിച്ചിട്ടുണ്ടെന്നാണ് തോന്നുന്നത്. അതായത് ഇവിടെ വലിയ തൊഴിൽക്കുഴപ്പമാണ്, അതുകൊണ്ട് ഇവിടെ വന്നു തുടങ്ങിയാൽ ഞങ്ങൾക്ക് വ്യവസായം ന്യായമായി നടത്താൻ കഴിയുമോ ഇവിടെ സമരങ്ങളാണ് എന്നൊക്കെയാണ് പറയുന്നത് എന്ന് പലരും എന്നോട് ചോദിച്ചു. ഞാൻ അതിന്റെ യഥാർത്ഥത്തിലുള്ള കണക്കുപറഞ്ഞുകൊണ്ട് ഇവിടെ നടക്കുന്ന വിശദവിവരങ്ങൾ പറഞ്ഞപ്പോൾ അവർക്കുതന്നെ അത്ഭുതമാണ്. അതുപോലെ തന്നെ ഇക്കാലമത്രയും നമുക്ക് ഉണ്ടായിരുന്ന ഏറ്റവും വലിയ പോരായ്മയെന്നു പറയുന്നത് അടിസ്ഥാനസൗകര്യങ്ങൾ ഇല്ല എന്നുള്ളതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നിപ്പോൾ അതിനാവശ്യമായ എല്ലാ സൗകര്യങ്ങളും പാർക്കുകളും ഗ്രോത്ത് സെന്ററുകളും എല്ലാം തയ്യാറാക്കിയിട്ടുണ്ട് അതുകൊണ്ട് ഇന്ന് വ്യവസായം തുടങ്ങിയാൽ മാത്രം മതി, അതിന് എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുണ്ട്. ഇന്ന ഇന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് ഡെമോൺസ്ട്രേഷൻ നടത്തിയാണ് അവരെ ബോദ്ധ്യപ്പെടുത്തിയത്. ഇത്രയും കാര്യങ്ങൾ കേരളത്തിലുണ്ടോ, ഇപ്പോഴാണ് ഞങ്ങൾ മനസ്സിലാക്കിയത് എന്ന് അവർ പറഞ്ഞു. അതുകൊണ്ടു തീർച്ചയായിട്ടും ഒരു മാറ്റമുണ്ടാകും എന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ചാലക്കുടിയിൽ കൊരട്ടി ഗവൺമെന്റ് ഓഫ് ഇൻഡ്യ പ്രസ്സിന്റെ 100 ഏക്കർ സ്ഥലത്തിന് അടുത്തുവരുന്ന ഭൂസ്വത്തിൽ നിന്ന് മാറിമാറി വരുന്ന സംസ്ഥാന സർക്കാരുകൾ തുടർച്ചയായി ശ്രമിച്ചതിന്റെ ഫലമായി മുപ്പത് ഏക്കർ സ്ഥലം സെൻട്രൽ ഗവൺമെന്റ് വ്യാവസായിക ആവശ്യങ്ങൾക്ക് വിട്ടുതരാൻ പോകുന്നു എന്നു കേൾക്കുന്നു. അത് സത്യമാണോ; ആണെങ്കിൽ ആ മുപ്പത് ഏക്കർ സ്ഥലത്ത് സംസ്ഥാന സർക്കാർ എന്തൊക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, മുപ്പതേക്കർ സ്ഥലം വിട്ടുതരുന്നതിനുള്ള കാര്യങ്ങൾ ഏകദേശം ശരിയായി കഴിഞ്ഞിട്ടുണ്ട്. ഉടനെതന്നെ ഡെവലപ്മെന്റിന് ആവശ്യമായിട്ടുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

ശ്രീ. ടി.കെ. ബാലൻ : സർ, ഗവൺമെന്റ് ഈ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അതിന് വിഘാതമായി നിൽക്കുന്നത് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കാര്യമാണ്. പല പഞ്ചായത്തുകളിലും ഇൻഡസ്ട്രിയൽ പാർക്കുകൾ തുടങ്ങുന്നതിന് അഞ്ചേക്കർ സ്ഥലം സൗജന്യമായി കിട്ടാത്തതുകൊണ്ട് ഈ പദ്ധതി നാമമാത്രമായിട്ടുമാത്രമേ നമ്മുടെ പഞ്ചായത്തുകളിൽ നടത്താനായി കഴിയുന്നുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 37 സ്ഥലത്തുമാത്രമേ സ്ഥലംകിട്ടിയുള്ളൂ എന്നാണു്. അതുകൊണ്ട് അഞ്ചേക്കർ സ്ഥലം സൗജന്യമായി പഞ്ചായത്തുകൾ കൊടുക്കണമെന്നുള്ള നിബന്ധന ഒഴിവാക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമോ; അക്കാര്യം സർക്കാർ പരിഗണിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇനിയും ചില പ്രൊപ്പോസലുകൾ വന്നുകൊണ്ടിരിക്കുകയാണ്. പരമാവധി സ്ഥലം ലഭ്യമാക്കാനും അതില്ലാത്ത സ്ഥലങ്ങളിൽ സൗജന്യനിരക്കിൽ സ്ഥലം എടുക്കാനുമൊക്കെയാണ് തീരുമാനിച്ചിരിക്കുന്നത്. സിഡ്കോയ്ക്ക് ഇതിന് കുറേ പണം ആവശ്യമാണ്. അത് ലഭ്യമാക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുമെന്നാണ് നേരത്തെ ഇവിടെ പറഞ്ഞത്.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, പൊതുമേഖലാ വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെ മെച്ചപ്പെടുത്തികൊണ്ടുവരുന്നതിനും നടപടികളെടുത്തുവരികയാണെന്ന് പറയുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം പൊതുമേഖലാ വ്യവസായങ്ങൾ ഗവൺമെന്റ് ആ സ്ഥാപനത്തിന്റെ സ്വഭാവമനുസരിച്ച് അതിന് കഴിയുന്ന വിധത്തിലുള്ള സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരെ പ്രത്യേകമായി കണ്ടുപിടിച്ച് അതിന്റെ ഉത്തരവാദിത്വം ഏൽപ്പിക്കുക എന്നതാണ്. നിർഭാഗ്യവശാൽ അതിന് പലപ്പോഴും കഴിയാതെ വരികയാണ്. കഴിഞ്ഞദിവസം ഇവിടെ മിനിസ്റ്റർ മറുപടി പറഞ്ഞപ്പോൾ കേരളാ സോപ്സ് ആന്റ് ഓയിൽസിന്റെ കാര്യത്തിൽ ചില മാറ്റങ്ങൾ വരുത്തിയെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ ഉയർന്ന പദവികൾ വഹിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വരെ പ്രത്യേകമായി തെരഞ്ഞെടുക്കുന്നതിനുള്ള ഒരു സംവിധാനം വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിക്കുയോ അതിനുള്ള നടപടി ഗവൺമെന്റ് എടുക്കുകയോ, അതിനായിട്ടുള്ള വിദഗ്ദ്ധൻമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിക്കുവാനോ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഇപ്പോൾത്തന്നെ നിലവിലുള്ള പി.ഇ.ബി. പബ്ലിക് സെക്ടർ അൺടർടേക്കിംഗ്സിൽ അതിനാവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ട്. വിദഗ്ദ്ധൻമാരെ കിട്ടുന്നതിനുവേണ്ടി ഞങ്ങൾ നിരവധി ശ്രമങ്ങൾ നടത്തി, അഡ്വർടൈസ് ചെയ്തു, അതിനുവേണ്ട ആളുകളെ കിട്ടാനായി ശ്രമിച്ചു. പക്ഷേ നമ്മുടെ പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും നില തൃപ്തികരമല്ലാത്തതുകൊണ്ട് അവിടേയ്ക്ക് വരാൻ ആളുകൾ തയ്യാറല്ലാത്ത അവസ്ഥയുണ്ടായിരുന്നു. അതുകൊണ്ടാണ് ഞാൻ മുൻപ് ഇവിടെ നടന്ന ചർച്ചക്കു മറുപടി പറഞ്ഞപ്പോൾ പറഞ്ഞത് വളരെ വലിയ പരിശ്രമങ്ങൾ നടത്തിയിട്ടാണ് ഇപ്പോൾ കെൽട്രോണിനുവേണ്ടി ഒരു നല്ല വിദഗ്ദ്ധനെ നമുക്ക് കിട്ടിയതെന്ന്. അങ്ങനെ വലിയ പരിശ്രമങ്ങൾ നടത്തി അവരെ ഇൻവൈറ്റ് ചെയ്താൽ, ആപ്ലിക്കേഷൻ ഇൻവൈറ്റ് ചെയ്താൽ മാത്രം പോരാ, നമ്മൾ എടുക്കുന്ന നടപടികളെപ്പറ്റി അവരെ ബോദ്ധ്യപ്പെടുത്തി ആളുകളെ ഉയർന്ന തസ്തികകളിലേയ്ക്ക് കിട്ടാനുള്ള നടപടികൾ നമ്മൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഫലമുണ്ടാകത്തക്കവിധത്തിലുള്ള പ്രവർത്തനങ്ങളാണ് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഇവിടെ 37 പുതിയ വ്യവസായ പാർക്കുകൾ തുടങ്ങുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതിനുവേണ്ടി സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തെക്കുറിച്ചും പറഞ്ഞു. പല സ്ഥലങ്ങളിലും സർക്കാർ ഏറ്റെടുത്തിരിക്കുന്ന മിച്ചഭൂമി ധാരാളമായിട്ടുണ്ട്. അങ്ങനെയുള്ള മിച്ചഭൂമി മറ്റുള്ള വകുപ്പുമായി കൂടിയാലോചിച്ച് അവിടെ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : അതിനുള്ള നടപടികളെടുക്കാൻ നീക്കം ആരംഭിച്ചിട്ടുണ്ട്. പല സ്ഥലങ്ങളിലും ഇപ്പോൾത്തന്നെ എടുത്തിട്ടുള്ള ചില പാർക്കുകൾ നടത്തിവരുന്ന ആ സ്ഥലങ്ങളിൽ തന്നെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ തുടങ്ങുന്നതിനും അങ്ങനെ വെറുതേ കിടക്കുന്ന സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്ത് ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് ആ ഭൂമി ലഭ്യമാക്കുന്നതിനുള്ള നീക്കം ആരംഭിക്കുന്നതാണ്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, കയർവ്യവസായത്തിന്റെ സംരക്ഷണം കേരളത്തിന്റെ വ്യവസായവികസനത്തിന് വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ കയറിന് വേണ്ടത്ര വിപണിയില്ലാത്തത് ഇന്ന് വലിയ പ്രതിസന്ധി ഈ മേഖലകളിലുണ്ടാക്കിയിരിക്കുകയാണ്. കേന്ദ്രം ഒരു മിനിമം എക്സ് പോർട്ട്സ് വെട്ടിക്കുറച്ച് പ്രശ്നം കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ട്. കയറുൽപ്പന്നങ്ങൾക്ക് വെല്ലുവിളിയായി മാറിയിരിക്കുന്ന മറ്റനവധി ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ ലഭ്യമായതിനാൽ കയറിന്റെ വിദേശമാർക്കറ്റ് കുറഞ്ഞുവരികയാണ്. എന്നാൽ ജിയോടെക്സിന് അനന്തമായ സാദ്ധ്യതകളുണ്ട്. ബോർഡർ സെക്യൂരിറ്റിഫോഴ്സിന് ബോർഡർ റോഡിന്റെ സംരക്ഷണത്തിന് വലപ്പായ് ഉപയോഗിക്കുന്നതാണെന്ന് കേന്ദ്ര പ്രതിരോധവകുപ്പുമന്ത്രി പ്രസ്താവിച്ചുകണ്ടു. ഗവൺമെന്റിന് ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വല്ലതും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : പ്രതിരോധമന്ത്രിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തെപ്പറ്റി വിശദമായി ഞാൻ ചർച്ചചെയ്തു. രണ്ടുമൂന്നുപ്രാവശ്യം ഇതേക്കുറിച്ച് സംസാരിച്ചു. ഈ അടുത്തകാലത്ത് പോയസമയത്ത് ബന്ധപ്പെട്ടപ്പോൾ അദ്ദേഹം ഇക്കാര്യം ഏറ്റിട്ടുണ്ട്. അതിന് ബോർഡർറോഡ്സ് നിർമ്മാണത്തിന് അനുവാദം നൽകുന്നതാണെന്ന് പറഞ്ഞു. അതുസംബന്ധിച്ച് രാജ്യസഭയിൽ ചോദിച്ച ചോദ്യത്തിന് ബോർഡർ റൂൾസ് അംഗീകരിച്ചശേഷം കയർ കോർപ്പറേഷൻപോലുള്ള സ്ഥാപനങ്ങൾക്ക് നിരവധി എൻകയറികൾ ബോർഡർ റോഡ്സിനുവേണ്ടി വാങ്ങിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായിട്ടും അതൊരു വലിയ അളവുവരെ സഹായിക്കും. നാലായിരം കോടി രൂപയാണ് ഒരാണ്ടിൽ കേന്ദ്രഗവൺമെന്റ് ഈ ഏർപ്പാടിനായി ചെലവാക്കുന്നത്. അതുകൊണ്ട് പത്തുനാനൂറ് കോടി രൂപയുടെ കയർ ഇവിടെനിന്നും വിറ്റുപോകാനുള്ള സാദ്ധ്യതയുണ്ട്. അവർക്ക് ഇത് നാലായിരം കോടി എന്നത് രണ്ടായിരം കോടിയായി ചുരുക്കാൻ കഴിയും. ഈ കയർ ജിയോ ടെക്സ്റ്റയിൽസിൽ നിന്ന് വാങ്ങി ഉപയോഗിച്ച് റോഡ് നിർമ്മിച്ചാൽ തീർച്ചയായിട്ടും ഒരു നാലുകൊല്ലം വരെ ആ റോഡ് കുഴപ്പമില്ലാതെ കിടക്കും. ഇക്കാര്യങ്ങളിലൊക്കെ ബോർഡർ റോഡുകൾ ഇടുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനായി അതിന്റെ എല്ലാവിശദാംശങ്ങളും കേന്ദ്രഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ പഞ്ചായത്തുകൾക്ക് ഇതുസംബന്ധിച്ച് വിശദമായ വിവരത്തിന് കത്തെഴുതിയിട്ടുണ്ട്. പല പഞ്ചായത്തുകളും ജിയോടെക്സ് ഇടുന്നതിന് ആവശ്യമായ നടപടികൾ എടുത്തുവരികയാണ്.

ശ്രീ. ടി. നാണുമാസ്റ്റർ : സർ, നമ്മൾ വ്യവസായ വികസനത്തെ സംബന്ധിച്ച കാര്യങ്ങൾ ചർച്ചചെയ്യുന്ന അവസരത്തിൽ, അക്കാര്യം പരിഗണിക്കുമ്പോൾ അതിന്റെ ക്ലിയറൻസിനും മറ്റുമായി കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുമ്പോൾ അത് കിട്ടുന്നതിന് ഡിലേ വരുന്നതുകൊണ്ട് നമ്മുടെ വ്യവസായങ്ങളാകെ ബുദ്ധിമുട്ടിലേയ്ക്ക് നീങ്ങുകയാണ്. അത്തരമൊരു സാഹചര്യം നമുക്കുണ്ട്. നമ്മൾതന്നെ ആവിഷ്കരിച്ചിട്ടുള്ള പുതിയ വ്യവസായ സംരംഭങ്ങളുടെ ഹരിപ്രാപ്തി കൈവരിക്കാൻ താമസം നേരിടുന്നുണ്ട്. ഇപ്പോൾ പുതിയ സെന്ററുകൾ ഓരോ മണ്ഡലത്തിലും തുടങ്ങുന്നതിന് നമ്മൾ സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നാൽ അവിടെ സ്ഥലം ലഭ്യമല്ലാത്തതുകൊണ്ട് അവ തുടങ്ങുന്ന കാര്യത്തിൽ മൂന്നുവർഷം രണ്ടുവർഷം വരെ നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. ഈ സാഹചര്യങ്ങളൊക്കെ കണക്കിലെടുത്തുകൊണ്ട് വ്യവസായ വികസനത്തിന് തുടർച്ചികരമായ ഒരു സംരംഭമെന്ന നിലയിൽ ഒരു പ്രത്യേക ഇൻഡസ്ട്രിയൽ കൺസൾട്ടൻസി ഏർപ്പെടുത്തി ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഒരു സർവ്വേ നടത്തി ആ നടപടി ത്വരിതപ്പെടുത്തുന്നതിനുവേണ്ട കാര്യങ്ങൾ പ്രത്യേകം പരിഗണിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : വിവിധ മേഖലകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് കൺസൾട്ടൻസി സർവ്വീസസ് നമ്മൾ ഇപ്പോൾ രൂപപ്പെടുത്തുന്നുണ്ട്. കൂടുതലായിട്ടുള്ള കാര്യങ്ങൾ പരിശോധിച്ച് വേണ്ടത് ചെയ്യാം.

മി. സ്പീക്കർ : യെസ്, ചോദ്യം 119 ഉം ചോദ്യം 138 ഉം ക്ലബ് ചെയ്യാം. മറുപടി, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി.

3 (*119) പരിധിത വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ നടപടി

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. തേനാനൂർ രവി :